കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണവകുപ്പ് - വലിയപറമ്പ ഗ്രാമപഞ്ചായത്തിലെ സീനിയർ ക്ലാർക്ക് ശ്രീമതി ശ്രീജാകുമാരി എം-ന് ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

# തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്

സ.ഉ(സാധാ).നം. 1941/2016/തസ്വഭവ . തീയതി, തിരുവനന്തപുരം, 18/06/2016

പരാമർശം: 1. ശ്രീമതി ശ്രീജാകുമാരി എം-ന്റെ 30.10.2015 ലെ അപേക്ഷ
2. പഞ്ചായത്ത് ഡയറക്ടറുടെ 18.03.2016 ലെ ഇ 5-7920/16 നമ്പർ കത്ത്

**ഉത്തരവ്**

കാസറഗോഡ് ജില്ലയിലെ വലിയപറമ്പ ഗ്രാമപഞ്ചായത്തിലെ സീനിയർ ക്ലാർക്ക് ശ്രീമതി ശ്രീജാകുമാരി എം-ന് 02.08.2015 മുതൽ ഒരു വർഷത്തേക്ക് വ്യക്തിപരമായ ആവശ്യത്തിന് ശൂന്യവേതനാവധി അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് പരാമർശം 1 പ്രകാരം സമർപ്പിച്ച അപേക്ഷ പഞ്ചായത്ത് ഡയറക്ടർ പരാമർശം 2 പ്രകാരം സർക്കാരിൽ സമർപ്പിച്ചു.

2. ശ്രീമതി ശ്രീജാകുമാരി എം 13.01.2010 ൽ സേവനത്തിൽ പ്രവേശിച്ചു. ടിയാളുടെ കുഞ്ഞിന്റെ പരിപാലനത്തിനായാണ് ശൂന്യവേതനാവധിക്ക് അപേക്ഷ സമർപ്പിച്ചിരിക്കുന്നത്.

3. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. കാസറഗോഡ് ജില്ലയിലെ വലിയപറമ്പ ഗ്രാമപഞ്ചായത്തിലെ സീനിയർ ക്ലാർക്ക് ശ്രീമതി ശ്രീജാകുമാരി എം-ന് 02.08.2015 മുതൽ ഒരു വർഷത്തേക്ക് കുഞ്ഞിനെ പരിപാലിക്കുന്നതിനായി കെ.എസ്.ആർ ഭാഗം 1, ചട്ടം 88 പ്രകാരം ടി കാലയളവ് ഇൻക്രിമെന്റ്, ഹയർ ഗ്രേഡ്, പെൻഷൻ, ആർജ്ജിതാവധി എന്നീ ആനുകൂല്യങ്ങൾക്കു കണക്കാക്കുന്നതല്ല എന്ന വ്യവസ്ഥയിൽ ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

**ശ്രീകല സി.എസ്**

ഗവ. അണ്ടർ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസറഗോഡ് (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
സെക്രട്ടറി, വലിയപറമ്പ ഗ്രാമപഞ്ചായത്ത്, കാസറഗോഡ് (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
ശ്രീമതി ശ്രീജാകുമാരി എം, സീനിയർ ക്ലാർക്ക്, വലിയപറമ്പ ഗ്രാമപഞ്ചായത്ത്, കാസറഗോഡ്
(പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
ഡയറക്ടർ, ഐ.കെ.എം (സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).
ഓഫീസ് പകർപ്പ് / കരുതൽ ഫയൽ (ഇപിഎ 1/71/2016/തസ്വഭവ നമ്പർ ഫയൽ)

ഉത്തരവിൻ പ്രകാരം

Sd/-

സെക്ഷൻ ഓഫീസർ